(b) which are the new taluks to be sanctioned as per the new proposal and when will it be sanctioned?

Answer

(a, b) Government are examining the scopes for reorganising the existing taluks in the State in general. No final decision has been taken in the matter so far.

ഷെഡ്യൂൾ കൃാൻസലൈസേഷൻ

(952) ശ്രീ. പി. വിജയദാസ്:

,, കെ. ശങ്കരനാരായണപ്പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984–85-ൽ സംസ്ഥാനത്തൊട്ടാകെ ശരാശരി ഷെഡ്യൂൾ കൃാൻസലേഷൻ ശതമാനം എത്രയായിരുന്നു;

(ബി) ഷെഡ്യൂൾ കൃാൻസലേഷനും ട്രിപ്പ് കൃാൻസലേഷനും കാരണം പ്രസ്തുത വർഷത്തിലെ വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവ് എത്രയാണ്;

(സി) ഏതെല്ലാം കാരണങ്ങൾകൊണ്ടാണ് ഈ കൃാൻസലേഷൻ ഉണ്ടാകുന്നത്?

ഉത്തരം

(എ) 1984–85-ൽ സംസ്ഥാനത്തൊട്ടാകെ 21.81% ഷെഡ്യൂൾഡ് കിലോമീറ്റർ കൃാൻസൽ ചെയ്യേണ്ടിവന്നിട്ടുണ്ട്.

(ബി) ഏകദേശം 20 കോടി രൂപയോളം വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

(സി) ബസ്സുകളുടെ കുറവു മൂലമാണ് പ്രധാനമായും ഷെഡ്യൂൾ കൃാൻസലേഷൻ വേണ്ടിവരുന്നത്. വഴിമദ്ധ്യേ ഉണ്ടാകുന്ന അപകടങ്ങൾ ബ്രേക്ഡൗണുകൾ, മാർഗ്ഗതടസ്സങ്ങൾ എന്നിവമൂലവും ട്രിപ്പ് കൃാൻസലേഷൻ ഉണ്ടാകാറുണ്ട്.

ടയർ, സ്പെയർപാർട്ട്സ് ക്ഷാമംമൂലം കൃാൻസൽ ചെയ്തിട്ടുള്ള ഷെഡ്യൂളുകൾ

(953) ശ്രീ. കെ. പി. രാമൻ:

,, കെ. പി. എ. മജീദ്:

,, സി. ടി. അഹമ്മദ്അലി:

,, പി. കെ. കെ. ബാവ:

,, പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1985 സെപ്റ്റംബറിൽ ടയർ, സ്പെയർപാർട്ട്സ് ഇവയുടെ ക്ഷാമംമൂലം കെ. എസ്. ആർ. ടി. സി. ഷെഡ്യൂളുകൾ കൃാൻസൽ ചെയ്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly